# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *196 — 12.06.2018- ൽ മറുപടിക്ക്

## സൂക്ഷ്മ-ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. നൗഷാദ്<br>,, വി. കെ. സി. മമ്മത് കോയ<br>,, കെ.ജെ. മാക്സി<br>,, ഐ.ബി. സതീഷ് | ശ്രീ. എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സൂക്ഷ്മ-ചെറുകിട വ്യവസായ മേഖലകളിൽ പുതിയ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | എ) | കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനാവശ്യമായ ഒരു പാരിസ്ഥികാവസ്ഥ സൃഷ്ടിക്കുന്നതിനായി 2018-ലെ 'കേരള ഇൻവെസ്റ്റ്മെൻറ് പ്രൊമോഷൻ ആൻറ് ഫെസിലിറ്റേഷൻ ആക്ട് നിലവിൽവന്നു.<br>സൂക്ഷ്മ-ചെറുകിട വ്യവസായ മേഖലകളിൽ പുതിയ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ/പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1) നാനോ/കുടുംബ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് 2017-18 മുതൽ പ്രസ്തുത സംരംഭങ്ങൾ എടുക്കുന്ന വായ്പയുടെ പലിശയിളവ് (ഇന്ററസ്റ്റ് സബ്‌വെൻഷൻ) നൽകുന്ന പദ്ധതിയാണ് **നാനോ/കുടുംബ സംരംഭകർക്കുള്ള ഇന്ററസ്റ്റ് സബ്‌വെൻഷൻ പദ്ധതി.**<br>2) സംസ്ഥാനത്തെ തടി അധിഷ്ഠിത ഫർണ്ണിച്ചർ വ്യവസായം പ്രോത്സാഹിപ്പിക്കുവാനുള്ള പദ്ധതിയാണ് **ഇന്നവേറ്റീവ് അന്താരാഷ്ട്ര ഫർണീച്ചർ ഹബ്ബ്.**<br>3) ബിസ്സിനസ്സ് സംരംഭകർക്ക് സാങ്കേതിക പരിജ്ഞാനം ലഭിക്കുന്നതിനും സർവ്വകലാശാല വിദ്യാർത്ഥികൾക്ക് ഗവേഷണം നടത്തുന്നതിനും പരസ്പര സഹായത്തിനും സംരംഭക |

സ്ഥാപനങ്ങൾക്കും, സാങ്കേതികദാതാക്കൾക്കും യൂണിവേഴ്സിറ്റികൾക്കും സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണ് **സർവ്വകലാശാലകളും/ഗവേഷണ സ്ഥാപനങ്ങളും വ്യവസായങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തൽ പദ്ധതി**

4) സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതിയാണ് **എംഎസ്എംഇകൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി**

5) എംഎസ്എംഇ കളുടെ വളർച്ചയ്ക്ക് സഹായകമാവുന്ന ക്ലസ്റ്റർ കേന്ദ്രീകൃത സമീപനമാണ് **സ്റ്റേറ്റ് സ്പോൺസേർഡ് ക്ലസ്റ്റർ ഡെവലപ്പ്മെൻറ് പ്രോഗ്രാം**

6) തകർച്ച നേരിടുന്ന എം.എസ്.എം.ഇ യൂണിറ്റുകളെ കണ്ടെത്താനും പുനരുജ്ജീവിപ്പിക്കുന്നതിനും ലക്ഷ്യമിടുന്ന പദ്ധതിയാണ് **എംഎസ്എംഇ കളുടെ പുനരുദ്ധാരണ പദ്ധതി**

7 ഉല്പാദനമേഖലയിലുള്ള എല്ലാ എം.എസ്.എം.ഇ സംരംഭങ്ങൾക്കും 01.04.2012 മുതൽ നടത്തിയ നിക്ഷേപങ്ങൾക്ക് നൽകുന്ന ധനസഹായമാണ് **സംരംഭകത്വ സഹായ പദ്ധതി**

8 വ്യവസായ വാണിജ്യ ഡയറക്ടറുടെ അധീനതയിലുള്ള വ്യവസായ മേഖലകളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് കൂടുതൽ നടപടികൾ **പശ്ചാത്തല വികസന പദ്ധതികൾ** വഴി സ്വീകരിക്കുന്നു

9 യുവസംരംഭകരെ വളർത്തിയെടുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ **സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി.ക്ലബ്ബ്)** പ്രവർത്തിച്ചു വരുന്നു. ഒരു ഇഡി ക്ലബിന് ഒരു വർഷം 20,000/- രൂപ നിരക്കിൽ ഗ്രാൻറ് അനുവദിക്കുന്നു.

10. പുതിയ വ്യവസായ ആശയവുമായി മുന്നോട്ട് വരുന്ന സംരംഭകർക്ക് അവരുടെ ആശയം പ്രാവർത്തികമാക്കുന്നതിനുള്ള എല്ലാവിധ സഹായങ്ങളും നൽകി അവ യഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യത്തോട് കൂടി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ **ബിസിനസ്സ് ഇൻകുബേഷൻ സെൻററുകൾ** പ്രവർത്തിക്കുന്നു

11 ഒരേ തരത്തിലുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുകയും ഒരു പ്രദേശത്ത് പ്രവർത്തിക്കുകയും ചെയ്യുന്ന വ്യവസായ സംരംഭങ്ങൾക്ക് സഹായമാം വിധത്തിൽ കോമൺ ഫെസിലിറ്റി സെൻറർ സ്ഥാപിക്കുക എന്ന മുഖ്യ ലക്ഷ്യത്തോടുകൂടി എം.എസ്.ഇ-സി.ഡി.പി പദ്ധതിയായ **ക്ലസ്റ്റർ ഡെവലപ്പ്മെൻറ് പ്രോഗ്രാം**

നടപ്പിലാക്കിവരുന്നു.

12 എം.എസ്.എം.ഇ കളിൽ 01.04.2017 -ന ശേഷം സൃഷ്ടിക്കപ്പെടുന്ന ഓരോ അധിക തൊഴിലിനും അനുസൃതമായി, ഇഎസ്ഐ, ഇപിഎഫ് എന്നീ ഇനങ്ങളിൽ തൊഴിലുടമയുടെ വിഹിതമായി അടയ്ക്കുന്ന തുകയുടെ 75% 3 വർഷത്തേക്ക് റീ ഇംബേഴ്സ് ചെയ്ത് നൽകുന്ന പദ്ധതിയാണ് **സ്കീം ഫോർ റീ ഇംബേഴ്സ്മെൻറ് ഓഫ് ഇ.എസ്.ഐ & ഇ.പി.എഫ് കോൺട്രിബ്യൂഷൻ ഓഫ് എംപ്ലോയർ ഫോർ ക്രിയേറ്റിംഗ് എംപ്ലോയ്മെൻറ് ഇൻ എം.എസ്.എം.ഇ.** പ്രസ്തുത പദ്ധതിക്ക് 8/3/2018 ലെ ജി.ഒ(എംഎസ്) നം15/18/വ്യവ. പ്രകാരം ഭരണാനുമതി നൽകുകയും 100 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

13. കരകൗശല മേഖലയിൽ ആരംഭിച്ച ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് **അസിസ്റ്റൻറ് സ്കീം ഫോർ ഹാൻറിക്രാഫ്റ്റ്സ് ആർട്ടിസാൻസ് (ആഷ) പദ്ധതി** പ്രകാരം ധനസഹായം നൽകുന്നു.

14. **മേൽ പറഞ്ഞ 13 ഇനങ്ങൾ കൂടാതെയുള്ള മറ്റ് പദ്ധതികൾ**

മേൽപ്പറഞ്ഞ പദ്ധതികൾ കൂടാതെ കേരളത്തിൽ വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനും, ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനുമായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലനപദ്ധതി, ടെക്നോളജി ക്ലിനിക്ക്, സ്കിൽ ഡവലപ്പ്മെൻറ് പ്രോഗ്രാം, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ ബോധവത്കരണ പരിപാടി, ജില്ലാടിസ്ഥാനത്തിൽ ടെക്നോളജി മാനേജ്മെൻറ് ഡവലപ്മെൻറ് പ്രോഗ്രാം, ബോധവത്കരണ ക്ലാസ്സുകൾ, സംരംഭകത്വ വികസന പരിശീലനപരിപാടികൾ, നിക്ഷേപകരുടെ മേളകൾ, എം.എസ്.എം.ഇ. ഉൽപ്പന്ന വിപണനമേളകൾ, മെഷിനറി എക്സിബിഷൻ, ഊർജ്ജിത വ്യവസായ വൽക്കരണ പദ്ധതി എന്നിവ ബ്ലോക്ക്, താലൂക്ക്, മുനിസിപ്പാലിറ്റി, ജില്ലാ തലങ്ങളിലായി നടത്തി വരുന്നു. കൂടാതെ സംസ്ഥാന തലത്തിൽ മെഷിനറി എക്സിബിഷൻ, അഗ്രോ ഫുഡ്പ്രോ തുടങ്ങിയ പരിപാടികൾ വഴി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യവസായികൾക്ക് കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനും കേരളത്തിലെ ചെറുകിട വ്യവസായികൾക്ക് ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ കണ്ടെത്താനും സാധിക്കുന്നു.

| | | | |
|---|---|---|---|
| ബി) | വീട്ടിലുള്ളതോ വീടിനോട് ചേർന്ന് നടത്തുന്നതോ ആയ നാനോ സംരംഭങ്ങൾക്ക് പലിശ സബ്സിഡി നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | ബി), സി) & ഡി) | ഉണ്ട്. സംസ്ഥാനത്തിന്റെ പ്രത്യേക ഭൂപ്രകൃതിയും സാമൂഹിക സാഹചര്യങ്ങളും കണക്കിലെടുക്കുമ്പോൾ സൂക്ഷ്മ ചെറുകിട വ്യവസായങ്ങൾക്കും അതിസൂക്ഷ്മ നാനോ വ്യവസായങ്ങൾക്കും വളരെ പ്രാധാന്യമുണ്ട്. അതിനായി സർക്കാർ ഗാർഹിക നാനോ വ്യവസായ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്.<br>5 ലക്ഷം രൂപയിൽ താഴെ യന്ത്ര സാമഗ്രികകളിൽ സ്ഥിര നിക്ഷേപം വരുന്നതും, 5 എച്ച്.പി വരെ വൈദ്യുതി ആവശ്യമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡ പ്രകാരം വൈറ്റ്/ഗ്രീൻ വിഭാഗത്തിൽപ്പെടുന്നതുമായ ഉൽപ്പാദക, ജോബ് വർക്ക് വിഭാഗങ്ങളിൽപ്പെടുന്നതും വീടിനു ചേർന്നോ, അല്ലെങ്കിൽ വീടിനുള്ളിൽത്തന്നെയോ തുടങ്ങാവുന്ന വ്യവസായങ്ങൾക്കാണ് നാനോ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.<br>ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും അഞ്ചു ലക്ഷം രൂപ വരെ ടേം വായ്പ എടുക്കുന്ന സംരംഭകർക്ക് വാർഷിക പലിശയിൽ 6% സബ്സിഡിയായി തിരികെ നൽകുന്നു. വനിതകൾക്കും പട്ടികജാതി/ വർഗ വിഭാഗങ്ങൾക്കും പലിശയിൽ 8% വരെ സബ്സിഡിയായി മടക്കി കൊടുക്കുന്നു. 3 വർഷം ഇതേ രീതിയിൽ സബ്സിഡി നൽകുന്നു. |
| സി) | ഏതെല്ലാം ഗാർഹിക സംരംഭങ്ങളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | | |
| ഡി) | വനിതകൾക്കും പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കും പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**